# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

## രോഗികളുടെയും സ്റ്റാഫ് നഴ്സിന്റെയും അനുപാതം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5621 — 02.7.2014 - ൽ മറുപടിയ്ക്ക്

ചോദ്യം — മറുപടി

| ശ്രീ. ഇ. കെ വിജയൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ മന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്ത് രോഗികളുടെയും സ്റ്റാഫ് നഴ്സിന്റെയും അനുപാതം എത്രയാണ് നിശ്ചയിച്ചിരിക്കുന്നത് എന്നറിയിക്കാമോ; | എ) | ആരോഗ്യ വകുപ്പിലെ ആരോഗ്യ സ്ഥാപനങ്ങളിലെ നഴ്സുമാരുടെ എണ്ണം രോഗികളുടെ എണ്ണത്തിന് ആനുപാതികമായിട്ടല്ല നിശ്ചയിച്ചിട്ടുള്ളത്. ബെഡ് സ്ട്രെങ്ത് അനുസരിച്ചും ലഭ്യമാകുന്ന ചികിത്സാ സൗകര്യങ്ങൾ അനുസരിച്ചും ആരോഗ്യ സ്ഥാപനങ്ങളിലെ സ്റ്റാഫ് നഴ്സുമാരുടെ എണ്ണം 7 കാറ്റഗറികളായി ചുവടെ പറയും പ്രകാരം തരം തിരിച്ചിട്ടുണ്ട്. ഓരോ വിഭാഗത്തിലും വേണ്ട നഴ്സുമാരുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>1. പി.എച്ച്.സി-കൾ - 3 സ്റ്റാഫ് നഴ്സ്<br>2. 24 x 7 പി.എച്ച്.സി-കൾ -9 സ്റ്റാഫ് നഴ്സ്<br>3. സി.എച്ച്.സി (ബ്ലോക്ക് തലം) - 12 ,,<br>4. താലൂക്കാശുപത്രികൾ/ ജില്ല/ ജനറൽ ആശുപത്രികൾ/ സ്ത്രീകളുടെയും കുട്ടികളുടെയും & സ്പെഷ്യാലിറ്റി ആശുപത്രികൾ എന്നിവയിൽ ബെഡ് സ്ട്രെങ്ത് അനുസരിച്ച് 1 : 6 അനുപാതത്തിലും ഓപ്പറേഷൻ തീയറ്റർ ലേബർ റൂം എന്നിവയിൽ ഓരോന്നു വീതവുമാണ്.<br>ആരോഗ്യ വകുപ്പിനു കീഴിൽ മൂന്ന് ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ള ആശുപത്രികളിൽ സ്റ്റാഫ് നഴ്സുമാരുടെ ബഡ്സ്ട്രങ്ത് അനുസരിച്ചുള്ള അനുപാതം 1:4 ആണ്.<br>മെഡിക്കൽ വാർഡുകളിൽ 4 ഐ.പി രോഗികൾക്ക് 1 നഴ്സ് എന്ന അനുപാതവും |

| | | | |
|---|---|---|---|
| | | | ഓ.പി.യിൽ 100 രോഗികൾക്ക് 1 നഴ്സ് എന്ന അനുപാതവും ഇന്റൻസീവ് കെയർ - ഓപ്പറേഷൻ തീയറ്ററുകളിൽ ഒരു രോഗിക്ക് ഒരു നഴ്സ് എന്ന അനുപാതവുമാണ് എം.സി.ഐ നിഷ്കർഷിച്ചിട്ടുള്ളത്. |
| ബി) | വയനാട് ജില്ലയിലെ ഗവ. ആശുപത്രികളിൽ രോഗികളുടെ എണ്ണത്തിന് ആനുപാതികമായി സ്റ്റാഫ് നഴ്സിന്റെ എണ്ണം വർദ്ധിപ്പിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | എങ്കിൽ രോഗികളുടെ എണ്ണത്തിനനുസൃതമായി സ്റ്റാഫ് നഴ്സിന്റെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | സി) | ആശുപത്രികളുടെ എണ്ണത്തിനനുസരിച്ച് അധിക തസ്തികകൾ സൃഷ്ടിക്കുമ്പോൾ രോഗികളുടെ എണ്ണത്തിനനുസരിച്ചുള്ള സ്റ്റാഫ് നഴ്സിന്റെ തസ്തികകൾ കൂടി ഉൾപ്പെടുത്തുന്നകാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ